"ഭരണഭാഷ - മാതൃഭാഷ"

**ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്**

പുറപ്പെടുവിക്കുന്നത് : ജി.ഹരികുമാർ

**വിഷയം:** വനംവകുപ്പ് - ജീവനക്കാര്യം - ശ്രീ.പി.രാജീവിന്റെ സ്ഥാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ 01-7-2009 തീയതി കണക്കാക്കി തയ്യാറാക്കിയ സംസ്ഥാനതല താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ താൽക്കാലികമായി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച്.

**സൂചന:**
1) പാലക്കാട് ഈസ്റ്റേൺ സർക്കിളിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ 01-7-2009 തീയതി കണക്കാക്കി തയ്യാറാക്കിയിട്ടുളള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്. (ഇ1-14283/09)
2) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 09-12-2011-ലെ ഇ7-18936/2010 നമ്പർ ഉത്തരവ്.
3) ശ്രീ. പി.രാജീവ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത 2111/2012 നമ്പർ OA കേസ്സിൽ 06-11-2012-ൽ പുറപ്പെടുവിച്ച ഉത്തരവ്.
4) ശ്രീ. പി.രാജീവ് 19-8-2011 (അനക്സർ A2), 28-12-2011 (അനക്സർ A4) തീയതികളിൽ സമർപ്പിച്ച അപേക്ഷകൾ.
5) ശ്രീ. പി.രാജീവ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP (KAT) 2174/13 നമ്പർ കേസ്സിൽ 25-6-2013-ന് പുറപ്പെടുവിച്ച ഉത്തരവ്.
6) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 14-8-2013-ലെ ഇതേനമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ7-5667/2013 തീയതി : 24-9-2013.**

കേരള പബ്ളിക് സർവ്വീസ് കമ്മിഷന്റെ 19-9-2000-ലെ RIC (1) 24537/98GW നമ്പർ പ്രകാരം വനംവകുപ്പിൽ ഫോറസ്റ്ററായി നിയമനം നൽകുന്നതിന് ശുപാർശ ചെയ്ത പ്രകാരം കോഴിക്കോട് ഉത്തര മേഖല ഫോറസ്റ്റ് കൺസർവേറ്ററുടെ 10-10-2000-ലെ 96/2000 നമ്പർ സേവന ഉത്തരവ് പ്രകാരം ഫോറസ്റ്ററായി നിയമിതനായ ശ്രീ. പി.രാജീവ് 18-10-2000-ൽ

ജോലിയിൽ പ്രവേശിച്ചു. ഗ്രാമവികസന വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമനം ലഭിച്ചതിനെത്തുടർന്ന് വനംവകുപ്പിൽ നിന്നും 12-6-2001-ൽ വിടുതൽ ചെയ്യുകയുണ്ടായി. ഗ്രാമവികസന വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കായി സേവനത്തിലിരിക്കെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് നിയമത്തിലെ ചട്ടം 8 പ്രകാരം വനംവകുപ്പിൽ ഫോറസ്റ്ററായി പുനർനിയമനം ലഭിക്കണമെന്ന അപേക്ഷ പരിഗണിച്ച് ടിയാന് വനംവകുപ്പിൽ ഫോറസ്റ്ററായി പുനർനിയമനം നൽകിക്കൊണ്ട് 20-5-2005-ലെ കെ-4071/05 നമ്പർ പ്രകാരം പാലക്കാട് ഈസ്റ്റേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർ ഉത്തരവ് പുറപ്പെടുവിച്ചു. ആയതനുസരിച്ച് ടിയാൻ 08-6-2005-ൽ വനംവകുപ്പിൽ ഫോറസ്റ്റർ തസ്തികയിൽ പുന:പ്രവേശിച്ചു.

മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ച ഫോറസ്റ്റർമാരുടെ 01-7-2009 തീയതി കണക്കാക്കിയുള്ള ഫോറസ്റ്റർമാരുടെ സംസ്ഥാനതല താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. പി..രാജീവന്റെ പേര് ഉൾപ്പെടുത്തി സ്ഥാനം നിശ്ചയിച്ചിരുന്നില്ല.

സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച സെക്ഷൻ ഫോറസ്റ്റ് ഓഫീസർ മാരുടെ (ഫോറസ്റ്റർ) സംസ്ഥാനതല താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനം നിശ്ചയിച്ചു ലഭിക്കുന്നതിനായി ടിയാൻ സമർപ്പിച്ച സൂചന (4) പ്രകാരമുള്ള അപേക്ഷകൾ പരിഗണിച്ചുവരവെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ 2111/2012-ാം നമ്പരായി OA ഫയൽ ചെയ്യുകയുണ്ടായി. ടി കേസ്സിൽ സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ താൽക്കാലിക സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിന് അന്തിമരൂപം നൽകുമ്പോൾ ടിയാന്റെ പേര് ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിരുന്നു. മേൽ ആവശ്യം സംബന്ധിച്ച് ശ്രീ. പി.രാജീവ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP (KAT) 2174/13 നമ്പർ കേസ്സിൽ സൂചന (5) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 06-11-2012-ലെ ഉത്തരവനുസരിച്ച് ശ്രീ. പി.രാജീവിന്റെ അനക്സർ A4 അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാൻ കഴിയുമോ എന്ന കാര്യത്തിൽ ഇൻസ്ട്രക്ഷൻസ് സമർപ്പിക്കാൻ ഉത്തരവാകുകയുണ്ടായി. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിനായി ശ്രീ. പി.രാജീവിന്റെ പേര് 01-7-2009 തീയതി കണക്കാക്കി തയ്യാറാക്കിയിട്ടുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സംസ്ഥാനതല താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ പാലക്കാട് ഈസ്റ്റേൺ സർക്കിളിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ 01-7-2009 തീയതി കണക്കാക്കി തയ്യാറാക്കിയിട്ടുള്ള സൂചന (1) താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 16 ആയി

ശ്രീ. പി.രാജീവിന്റെ സ്ഥാനം നിശ്ചയിച്ചിട്ടുള്ളതിനാൽ സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ 01-7-2009 തീയതി കണക്കാക്കിയുള്ള സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 77 ശ്രീ. വിജയരാഘവനും ക്രമനമ്പർ 78 ശ്രീ. വി.വിജയനും മദ്ധ്യേ ക്രമനമ്പർ 77 എ ആയി താൽക്കാലികമായി ശ്രീ.പി.രാജീവിന്റെ സ്ഥാനം നിശ്ചയിച്ചുകൊണ്ട് സൂചന (6) പ്രകാരം ഉത്തരവായിരുന്നു. ഈ തീരുമാനത്തിന്മേൽ ആക്ഷേപങ്ങളോ, പ്രാതിയോ ഉള്ളവർ ഈ ഉത്തരവ് വനംവകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം വ്യക്തമായ രേഖകൾ സഹിതം ഓഫീസ് മേലധികാരി മുഖേന അപ്പീൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ യുക്തമായ പരാതികളൊന്നും ലഭിക്കാത്തതിനാൽ സൂചന (6) പ്രകാരമുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയ ജി.ഹരികുമാർ എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു. അങ്ങനെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റേയും ബഹു. ഹൈക്കോടതിയുടേയും ഉത്തരവുകൾ ഇപ്രകാരം പാലിച്ചിരിക്കുന്നു.

അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

ശ്രീ. പി.രാജീവ്,
സെക്ഷൻ ഫോറസ്റ്റ് ഓഫീസർ,
O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
ഈസ്റ്റേൺ സർക്കിൾ, പാലക്കാട്.
(ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് : പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അടിയന്തിര നടപടികൾക്കായി നൽകുന്നു.

പകർപ്പ് : വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FMIS) ക്ക് നൽകുന്നു.

പകർപ്പ് : അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം/എറണാകുളം. (ഉപരിപത്രം സഹിതം)

പകർപ്പ് : ഇ4 സെക്ഷന് തുടർനടപടികൾക്കായി നൽകുന്നു.

F.Robin 2013 E7